പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1570 — 04-12-2018-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഒ. രാജഗോപാൽ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്; | (എ) | ഉണ്ട്. സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | കേന്ദ്രസർക്കാരിൽ നിന്ന് നേരിട്ടും കേന്ദ്ര പദ്ധതികളിലൂടെയും ലഭിച്ച തുക എത്രയാണ്; | (ബി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ലഭിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | ഹോർട്ടികൾച്ചർ വികസനത്തിനായുള്ള വെള്ളപ്പൊക്കനിവാരണത്തിനുള്ള സ്പെഷ്യൽ പാക്കേജ് 2018-19 | 5603.7 |

| | | | |
|---|---|---|---|
| (സി) | കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | കാർഷികമേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷിവകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം |

ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിൽ ആയി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (I.F.A.D)ൽ നിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയാറാക്കി സമർപ്പിച്ചിട്ടുണ്ട്.

പ്രളയക്കെടുതികളിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷികമേഖലയെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജ്ജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി "പുനർജ്ജനി" എന്ന പേരിൽ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജന, കാർഷിക സെൻസസ് പദ്ധതി, കാർഷിക വിളകളുടെ ഉത്പാദനച്ചെലവിനെക്കുറിച്ച് പഠിക്കുന്ന പദ്ധതി, കാർഷിക സഹകരണ സംഘങ്ങൾക്കായുള്ള സംയോജിത പദ്ധതി, കാർഷിക വിപണന പദ്ധതികൾ, കാർഷിക വിദ്യാഭ്യാസ നയം, കാർഷിക വ്യാപനം എന്നിവയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഓരോ പദ്ധതിക്കും ഈ സാമ്പത്തിക വർഷം ലഭിച്ച തുകയും ചെലവാക്കിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക പദ്ധതികളുടെ പേര് | ലഭിച്ച കേന്ദ്ര സർക്കാർ വിഹിതം (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | RKVY | 6197 | 3098.5 |
| 2 | കാർഷിക സെൻസസ് പദ്ധതി (എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് മുഖേന നടപ്പിലാക്കുന്നു) | 157.66 | 68.68 |
| 3 | കാർഷിക വിളകളുടെ ഉത്പാദന | കേന്ദ്ര പദ്ധതി നടപ്പിലാക്കി | |

| | | | |
|---|---|---|---|
| | ചെലവിനെകുറിച്ച് പഠിയ്ക്കുന്ന പദ്ധതി | യിട്ടില്ല | |
| 4 | കാർഷിക സഹകരണ സംഘങ്ങൾക്കായുള്ള സംയോജിത പദ്ധതി (എൻ. സി.ഡി.സി പദ്ധതിയിൽ ഉൾപ്പെട്ടത്തി സഹകരണ വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നു) | 3080 | 123.3138 |
| 5 | കാർഷിക വിപണി പദ്ധതികൾ | കേന്ദ്ര പദ്ധതി നടപ്പിലാക്കിയിട്ടില്ല | |
| 6 | കാർഷിക വിദ്യാഭ്യാസ നയം | കേന്ദ്ര പദ്ധതി നടപ്പിലാക്കിയിട്ടില്ല | |
| 7 | കാർഷിക വ്യാപനം<br>**എ.** ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ പദ്ധതി 2018-19 | 1250 | 1112.5 |
| | **ബി.** ഹോർട്ടികൾച്ചർ വികസനത്തിനായുള്ള വെള്ളപ്പൊക്ക നിവാരണത്തിനുള്ള സ്പെഷ്യൽ പാക്കേജ് 2018-19 | 5603.7 | 2493.5 |

സെക്ഷൻ ഓഫീസർ